പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ. 619 — 28-10-2011 -ൽ മറുപടിക്ക്.

## മദ്യ വർജ്ജന കാമ്പയിൻ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പാലോട് രവി<br>" ജോസഫ് വാഴക്കൻ<br>" ഷാഫി പറമ്പിൽ<br>" ലൂഡി ലൂയിസ് | ശ്രീ. കെ. ബാബു<br>(എക്സൈസും തുറമുഖവും വകുപ്പു മന്ത്രി) |

(എ) സംസ്ഥാനത്ത് മദ്യവർജ്ജന കാമ്പയിൻ ഊർജ്ജിതമാക്കുന്നതിന് എന്തെല്ലാം കർമ്മ പരിപാടികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്;

(എ) ലഹരി വിരുദ്ധ ബോധവൽക്കരണത്തിന് വേണ്ടി ഒരു ജോയിന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ ഒരു വിഭാഗം രൂപീകരിക്കും. മദ്യത്തിന്റെ വ്യാപകമായ ഉപയോഗം തടയുന്നതിന്റെ ഭാഗമായി, മദ്യാസക്തിക്കെതിരെയുള്ള ബോധവൽക്കരണം, ജനപ്രതിനിധികളുടെയും, സർക്കാർ - സർക്കാരിതര സന്നദ്ധ സംഘടനകളുടെയും മറ്റും സഹകരണത്തോടെ നടത്തി വരുന്നു. മദ്യ-ലഹരി വസ്തുക്കളുടെ ദൂഷ്യഫലങ്ങളെക്കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് എക്സൈസ് വകുപ്പ് ശക്തവും നൂതനവുമായ ബോധവൽക്കരണ പരിപാടികൾ നടത്തി വരുന്നു. ഇതിന്റെ ഭാഗമായി, സെമിനാറുകൾ, സംവാദങ്ങൾ, പോസ്റ്റർ പ്രദർശനം, ഡീ-അഡിക്ഷൻ ക്യാമ്പുകൾ, ബോധവൽക്കരണ ക്ലാസ്സുകൾ, റാലികൾ, തെരുവു നാടകം മുതലായവ നടത്തി വരുന്നു. ദൃശ്യ മാധ്യമങ്ങളിലൂടെയുള്ള ബോധവൽക്കരണത്തിനായി, 'ദുരന്ത ലഹരി' എന്നപേരിൽ ഒരു ഡോക്യുമെന്ററി, ദൂരദർശനിലൂടെ സംപ്രേക്ഷണം ചെയ്തു വരുന്നു. കൂടാതെ, സംസ്ഥാനത്തെ തിരഞ്ഞെടുത്ത കേന്ദ്രങ്ങളിൽ, ശ്രീ. ഗോപിനാഥ് മുതുകാടിന്റെ നേതൃത്വത്തിൽ ബോധവത്കരണ സന്ദേശം ഉൾക്കൊള്ളുന്ന 'STOP SAD' എന്ന ജാലവിദ്യാ പ്രകടനവും നടത്തുകയുണ്ടായി. F.M. റേഡിയോയിലൂടെ ലഹരി വിരുദ്ധ പ്രചരണം നടത്തുന്നുണ്ട്. മദ്യാസക്തിക്കെതിരെ, ലഹരി വർജ്ജന ബോധവൽക്കരണ ക്ലാസുകൾ, സെമിനാറുകൾ, തെരുവ് നാടകങ്ങൾ എന്നിവ നടത്തി വരുന്നു. ജനകീയ കമ്മിറ്റികൾ, പഞ്ചായത്ത് / താലൂക്ക് /ജില്ലാ തലത്തിൽ പ്രവർത്തിച്ചു വരുന്നു. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന ശക്തിപ്പെടുത്തിയിട്ടുണ്ട്. അബ്കാരി കുറ്റകൃത്യങ്ങളെക്കുറിച്ച് വിവരങ്ങൾ ശേഖരിച്ച്, മേൽ നടപടിക്കായി എക്സൈസിലെ ബന്ധപ്പെട്ട വിഭാഗങ്ങൾക്ക് കൈമാറാൻ പ്രത്യേക ഇന്റലിജൻസ് വിഭാഗം പ്രവർത്തിച്ചു വരുന്നു. കൂടാതെ, പോലീസ്, റവന്യൂ, വനം എന്നീ വിഭാഗങ്ങളുമായി ചേർന്ന് സംയുക്ത റെയിഡുകളും നടത്തി വരുന്നുണ്ട്. കൂടാതെ 140 നിയോജക മണ്ഡലങ്ങളിലും സ്കൂൾ / കോളേജ് തലത്തിൽ ഓരോ

| | | | |
|---|---|---|---|
| | | | ലഹരി വിരുദ്ധ ക്ലബ്ബുവീതം രൂപീകരിക്കുവാൻ തീരുമാനിച്ചു. സിനിമകളിൽ മദ്യപാന രംഗങ്ങൾ പ്രദർശിപ്പിക്കുമ്പോൾ 'മദ്യ പാനം ആരോഗ്യത്തിന് ഹാനികരം' എന്ന സ്റ്റാറ്റ്യൂട്ടറി വാണിങ്ങ് പ്രദർശിപ്പിക്കും. മദ്യ വിപത്തിനെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾക്കായി 2 കോടി രൂപയുടെ പരിപാടികളാണ് ഈ വർഷം ആസൂത്രണം ചെയ്തിരിക്കുന്നത്. |
| (ബി) | ഇതിനായി എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുമോ; | (ബി) | നിലവിലെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തമാണ്. |
| (സി) | ഇതിന് എക്സൈസ് വകുപ്പിന്റെ ഭരണ സംവിധാനം എങ്ങനെയാണ് ശക്തിപ്പെടുത്താൻ ഉദ്ദേശിക്കുന്നത്? | (സി) | സംസ്ഥാനത്ത് വ്യാജ മദ്യം തടയുന്നതിനായി, നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട്, ശക്തമായ എൻഫോഴ്സ്മെന്റ് വിഭാഗം പ്രവർത്തിച്ചു വരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ഐ.ജി. റാങ്കിലുള്ള ഒരു ഉദ്യോഗസ്ഥനെ അഡീഷണൽ എക്സൈസ് കമ്മീഷണറായി നിയമിച്ചിട്ടുണ്ട്. നാഷണൽ ഹൈവേയിലും തീരദേശ റോഡുകളിലും വാഹന പരിശോധന കർശനമാക്കിയിട്ടുണ്ട്. ചെക്ക് പോസ്റ്റുകളിൽ കൂടുതൽ ജീവനക്കാരെ നിയമിച്ച് വാഹന പരിശോധന കർശനമാക്കിയും, മറ്റു വകുപ്പുകളുമായി സഹകരിച്ച് റെയ്ഡുകൾ നടത്തിയും, ബോർഡർ പട്രോളിംഗ്, രാത്രികാല ടാസ്ക് ഫോഴ്സുകൾ, മറൈൻ എൻഫോഴ്സ്മെന്റ് എന്നിവ ശക്തിപ്പെടുത്തി, ജനങ്ങളുമായി സഹകരിച്ച്, കുറ്റകൃത്യങ്ങൾ തടയുകയും, മദ്യാസക്തിക്കും വ്യാജമദ്യത്തിനുമെതിരെ ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചു വരികയും ചെയ്യുന്നു. അബ്കാരി സ്ഥിരം കുറ്റവാളികൾക്കെതിരെ Cr.PC 110 പ്രകാരം നടപടി എടുത്തു വരുന്നു. എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തിയതിന്റെ ഫലമായി അംഗീകൃത മദ്യവിൽപനയിൽ വർദ്ധനവുണ്ടായി. |

സെക്ഷൻ ആഫീസർ